# നമ്മുടെ തിരഞ്ഞെടുപ്പുകളാണ് നമ്മുടെ ഭാവി നിശ്ചയിക്കുന്നത്

സാക് പുന്നൻ

WFTW 11 മെയ് 2014

ദൈവം ആദാമിനെയും ഹവ്വയെയും ഏദൻ തോട്ടത്തിലേക്ക് അയച്ചപ്പോൾ അവൻ അവർക്ക് വളരെ സ്വാതന്ത്ര്യം നൽകിയെങ്കിലും, അവൻ ഒരു നിബന്ധന വച്ചിരുന്നു. ഒരു വൃക്ഷത്തിൽനിന്ന് ഭക്ഷിക്കുന്നതിൽ നിന്ന് അവൻ അവരെ വിലക്കിയിരുന്നു. തിരഞ്ഞെടുപ്പു കൂടാതെ ആർക്കും ഒരു ദൈവപുത്രനായിരിക്കാൻ കഴിയുകയില്ല. വ്യക്തിപരമായ തിരഞ്ഞെടുപ്പു കൂടാതെ ആർക്കും വിശുദ്ധനായിരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ദൈവം ആദാമിനെ ആ തോട്ടത്തിലേക്കയച്ചപ്പോൾ, അവന് തിരഞ്ഞെടുക്കാനുള്ള അവസരം കൊടുത്തില്ലായിരുന്നെങ്കിൽ, ആദം ആയിത്തീരണമെന്ന് ദൈവം ആഗ്രഹിച്ചപ്രകാരം ഒരിക്കലും അവൻ ആയിത്തീരുമായിരുന്നില്ല. നാം നടത്തുന്ന തിരഞ്ഞെടുപ്പുകൾ നമ്മുടെ ഭൗമീക ജീവിതത്തിനും അതിലധികമായി നിത്യതയിലേക്കും എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് നാം മനസ്സിലാക്കുന്നില്ല. ദൈവം നമുക്ക് തന്നിട്ടുള്ള വലിയ വരങ്ങളിൽ ഒന്ന് തിരഞ്ഞെടുപ്പിനുള്ള അധികാരമാണ്. അവൻ ഒരിക്കലും ആ അധികാരം ആരിൽനിന്നും എടുത്തു മാറ്റുകയില്ല. നിങ്ങൾക്ക് ഒരു ദൈവമകനായിരിക്കുന്നതിന് തിരഞ്ഞെടുക്കാം അല്ലെങ്കിൽ നിങ്ങൾക്കുവേണ്ടി തന്നെ ജീവിക്കുന്നതിനും തിരഞ്ഞെടുക്കാം. എന്നാൽ നിങ്ങൾ എന്തെല്ലാം തിരഞ്ഞെടുത്താലും നിങ്ങളുടെ ജീവിതാന്ത്യത്തിൽ നിങ്ങളുടെ തിരഞ്ഞെടുപ്പുകളുടെ അനന്തര ഫലം നിങ്ങൾ കൊയ്യും.

വേദപുസ്തകം പറയുന്നു "ഒരുവൻ വിതയ്ക്കുന്നതു തന്നെ കൊയ്യും.'' വേദപുസ്തകം ഇങ്ങനെയും പറയുന്നു. "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യന് നിയമിച്ചിരിക്കുന്നു.'' ദൈവം മനുഷ്യനെ അവസാന നാളിൽ ന്യായം വിധിക്കുന്നത് തനിക്ക് ബോധിച്ചതുപോലെയല്ല. അവന്റെ ന്യായവിധി മനുഷ്യൻ നടത്തിയ ഓരോ തിരഞ്ഞെടുപ്പിനെയും അടിസ്ഥാനമാക്കിയായിരിക്കും.

വിവാഹത്തിന്റെ കാര്യത്തിലും ഈ പ്രമാണം തന്നെയാണു പ്രയോഗിച്ചിരിക്കുന്നത്. ഒരു സന്തോഷകരമായ വിവാഹജീവിതം വേണമോ അതോ ദുരിതപൂർണ്ണമായ ഒന്നു വേണോ എന്ന് നിങ്ങൾക്കു തിരഞ്ഞെടുക്കാൻ കഴിയും. അതു നിങ്ങളുടെ തിരഞ്ഞെടുപ്പാണ് ദൈവത്തിന്റേതല്ല. ആദാമിനു തന്റെ ജീവിതം പിശാചിനു വിധേയപ്പെടുത്തണമോ അതോ ദൈവത്തിനോ എന്നു തിരഞ്ഞെടുക്കുവാൻ കഴിയുമായിരുന്നു. ഏദൻ തോട്ടത്തിൽ രണ്ടു വൃക്ഷങ്ങൾ ഉണ്ടായിരുന്നു അതു രണ്ടു ജീവിത രീതികളെയാണ് പ്രതിനിധീകരിച്ചത്. ജീവന്റെ വൃക്ഷം ദൈവത്തിൽ കേന്ദ്രീകരിച്ച ജീവിതത്തിന്റെ പ്രതീകമായിരിക്കുന്നു അവിടെ മനുഷ്യൻ എടുക്കുന്ന ഏതൊരു തീരുമാനത്തിന്റെയും കേന്ദ്രം ദൈവമായിരിക്കും. നന്മതിന്മകളുടെ അറിവിന്റെ വൃക്ഷം, മറുവശത്ത്, സ്വയംകേന്ദ്രമായിരിക്കുന്ന ഓരു ജീവിതത്തിന്റെ പ്രതീകമായിരിക്കുന്നു. അവിടെ മനുഷ്യൻ ദൈവത്തോട് ആലോചിക്കാതെ ജീവിക്കുകയും അവൻ തന്നെ എന്താണു നല്ലത് എന്താണു തീയത് എന്നു തീരുമാനിക്കുകയും ചെയ്യും. ദൈവം ആദാമിനെയും ഹവ്വയെയും തോട്ടത്തിലേക്കയച്ചിട്ട്, അങ്ങനെ ആയിരിക്കെ അവരോടു പറഞ്ഞു. "ഈ രണ്ടു മാർഗ്ഗങ്ങളിൽ ഏതിലാണു നിങ്ങൾ ജീവിക്കാൻ ആഗ്രഹിക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾക്കു തിരഞ്ഞെടുക്കാം.'' ആദാം എന്താണു തിരഞ്ഞെടുത്തത് എന്നു നമ്മുക്കെല്ലാവർക്കും അറിയാം. അവനിൽതന്നെ കേന്ദ്രീകൃതമായ ഒരു ജീവിതം ജീവിക്കുവാൻ അവൻ തിരഞ്ഞെടുത്തു. എല്ലാ ദുരിതങ്ങൾക്കും, ദുഃഖങ്ങൾക്കും കൊലപാതകങ്ങൾക്കും നമുക്കു ചുറ്റുമുള്ള ലോകത്തിൽ നാം കാണുന്ന മറ്റെല്ലാ മ്ലേഛതയ്ക്കും കാരണം മനുഷ്യൻ അവനു വേണ്ടി അവൻ തന്നെ, നന്മയെന്താണ് എന്ന് തിരഞ്ഞെടുക്കാൻ തീരുമാനിച്ചിതാണ്. ദൈവം അവനോട് പറയേണ്ട ആവശ്യം അവനില്ലായിരുന്നു. ഇതുതന്നെയാണ് അസന്തുഷ്ടമായ ഏതൊരു വിവാഹജീവിതത്തിന്റെയും കാരണം ക്രിസ്ത്യാനികളുടെ ഇടയിൽപോലും. അനേകം ക്രിസ്ത്യാനികൾ സ്വയത്തെ അവരുടെ ജീവിത്തിന്റെ കേന്ദ്രമാക്കി ജീവിക്കുന്നു അതിനാൽ വിതയ്ക്കുന്നത് അവർ കൊയ്യുന്നു.

ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ, അവിടുന്ന് അവനെക്കുറിച്ചാഗ്രഹിച്ചത്, അവൻ ഭൂമിയുടെ മേൽ വാഴണമെന്നായിരുന്നു. ആദാം ഒരു രാജാവായിരിക്കാനാണു സൃഷ്ടിക്കപ്പെട്ടത്, ഒരു അടിമയായിരിക്കാനല്ല. ഹവ്വ

ആദമിന്, സമീപം ഒരു രാജ്ഞിയായിരിക്കാനും ദൈവം ആഗ്രഹിച്ചു. എന്നാൽ ഇന്നു നാം എന്താണു കാണുന്നത്? പുരഷനും സ്ത്രീകളും എല്ലായിടത്തും അടിമകളാണ് അവരുടെ തന്നെ വികാരങ്ങൾക്കും ഭൂമിയിലെ അഴിഞ്ഞു പോകുന്ന വസ്തുക്കൾക്കും അടിമകൾ.

ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചപ്പോൾ, അവിടുന്ന് എല്ലാം മനോഹരമായി ഉണ്ടാക്കി. വിലക്കപ്പെട്ട മരവുംകൂടെ മനോഹരമായിരുന്നു. ആദാമും ഹവ്വയും ആ മരത്തിന്റെ മുമ്പിൽ നിന്നപ്പോൾ അവർ ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടി വന്നു. അവർ ദൈവം സൃഷ്ടിച്ച മനോഹര വസ്തുക്കളെ തിരഞ്ഞെടുക്കുമോ അതോ അവർ ദൈവത്തെ തിരഞ്ഞെടുക്കുമോ?

ഓരോ ദിവസവും നാമെല്ലാവരും നടത്തേണ്ട തിരഞ്ഞെടുപ്പ് അതാണ്. നമ്മുടെ ജിവിതം നമ്മിൽ തന്നെ കേന്ദ്രീകൃതമാണെങ്കിൽ, നാം ദൈവത്തിന്റെ പിന്നാലെ അല്ല നാം ദൈവത്തിന്റെ ദാനങ്ങളുടെ (അവിടുന്നു സൃഷ്ടിച്ചിട്ടുള്ള കാര്യങ്ങൾ) പിന്നാലെ പോകും. ഭവനങ്ങളിൽ നടക്കുന്ന അധികം കലഹങ്ങളും ഭൌമീകകാര്യങ്ങളെ ചൊല്ലിയാണ്. അങ്ങനെയുള്ള കലഹങ്ങൾ ഉയരുന്നതിനുള്ള കാരണം ഭർത്താവും ഭാര്യയും ദൈവത്തെ തിരഞ്ഞെടുക്കുന്നതിനു പകരം ദൈവം സൃഷ്ടിച്ച കാര്യങ്ങളെയാണു തിരഞ്ഞെടുക്കുന്നത് അവരുടെ തിരഞ്ഞെടുപ്പിന്റെ അനന്തരഫലം അവർ അനുഭവിക്കുന്നു. അവർ ജഡത്തിൽ വിതച്ചു അതുകൊണ്ട് അവർ അനീതി കൊയ്യുന്നു. മനുഷ്യൻ അവന്റെ സൃഷ്ടാവിനു മീതെ സൃഷ്ടിക്കപ്പെട്ട കാര്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അവൻ ഒരടിമയായിത്തീരുന്നു.

യേശു വന്നത് ഈ അടിമത്വത്തിൽനിന്ന് നമ്മെ വിടുവിക്കാനാണ്. മനുഷ്യൻ ഇന്ന് പണത്തിന്റെ ശക്തിക്ക്, നിയമപരമല്ലാത്ത ലൈംഗിക സന്തോഷത്തിന്, മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക്, കൂടാതെ മറ്റു പല കാര്യങ്ങൾക്ക് അടിമയാണ്. അവൻ സ്വതന്ത്രനല്ല. ദൈവം അവനെ സൃഷ്ടിച്ചത് ഉന്നതമായ ആകാശത്തു പറക്കുന്ന കഴുകനെപ്പോലെ ആയിരിക്കാനാണ്. എന്നാൽ എല്ലായിടത്തും നാം മനുഷ്യനെ കാണുന്നത്, കോപത്തെ കീഴടക്കാൻ കഴിയാതെ, നാവിനെ നിയന്ത്രിക്കാൻ കഴിയാതെ, മോഹമുള്ള അവന്റെ കണ്ണുകളെ നിയന്ത്രിക്കാൻ കഴിയാതെ, ചങ്ങലകളിലാണ്. യേശു വന്നത് നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുവാൻ മാത്രമല്ല, നമ്മെ അടിമത്വത്തിൽ നിന്നും വിടുവിക്കുവാൻ കൂടിയാണ്.

വേദപുസ്തകം പറയുന്നു, ദൈവം വെളിച്ചമാണ്, ദൈവം സ്നേഹവുമാണ്. ദൈവത്തിന്റെ സ് നേഹമാണ് അവന്റെ വെളിച്ചം. ഇരുട്ടുമുറിയിൽ പ്രകാശത്തിന്റെ ശക്തി ഇരുട്ടിനെ അകറ്റിക്കളയുന്നു. ദൈവത്തിന്റെ ശക്തി അതുപോലാണ്. ദൈവത്തിന്റെ ശക്തി ഇല്ലാത്ത, അവന്റെ സ്നേഹമില്ലാത്ത ജീവിതം ഇരുട്ടു മാത്രമായിരിക്കും.

നമ്മുടെ ഭൌമീക ജീവിതം മുഴുവനും പരിശോധനയുടെയും പരിശീലനത്തിന്റെയും ഒരു കാലയളവാണ്, ഇത് നമ്മെ എല്ലാ കാര്യങ്ങളും സ്നേഹത്തിന്റെ നിയമത്താൽ ഭരിക്കപ്പെടുവാനുള്ള നിത്യരാജ്യത്തിനുവേണ്ടി തയ്യാറാക്കുന്നതിനാണ്. അതുകൊണ്ട് ദൈവം ഇപ്പോൾ നമ്മെ കടത്തിക്കൊണ്ടു പോകുന്ന എല്ലാ സഹചര്യങ്ങളും ചുറ്റുപാടുകളും ഒരു മേഖലയിൽ നമ്മെ പരിശോധിക്കുന്നതിനുവേണ്ടി ദൈവത്താൽ തന്നെ രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ളതാണ് നാം സ്നേഹത്തിന്റെ നിയമത്താൽ ജീവിക്കുമോ എന്നു കാണാൻ. അതുകൊണ്ടാണ് ദൈവം നമ്മുടെ ജിവിതത്തിൽ ധാരാളം ശോധനകളും ബുദ്ധിമുട്ടുകളും അനുവദിക്കുന്നത്. ദൈവം സർവ്വശക്തനാണ്, അവന് ഭൂമിയിലെ ജീവിതം ഒരിക്കലും ഒരു ശോധനപോലും ഇല്ലാത്തതായി തീർക്കാമയിരുന്നു. എന്നാൽ ദൈവം തന്റെ മഹാജ്ഞാനത്തിൽ നാം സ്നേഹിക്കാൻ പഠിക്കേണ്ടതിനുള്ള ഒരു മാർഗ്ഗമായി ശോധനകളെ നിയമിച്ചാക്കിയിരിക്കുന്നു. നാം നമ്മുടെ സ്വാർത്ഥതയെ ജയിക്കുകയും സ്നേഹം മാത്രം നമ്മുടെ ജീവിതത്തെ നയിക്കും എന്ന് തീരുമാനിക്കുകയും ചെയ്താൽ ദൈവത്തിന് നമ്മെ വരുവാനുള്ള അവന്റെ രാജ്യത്തിൽ ഭരണാധികാരികളാക്കാൻ വേണ്ടി തയ്യാറാക്കാൻ കഴിയും. നാം അതിനെക്കുറിച്ച് ഇപ്പോൾ ചിന്തിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ദൈവം നമുക്കു ഭൂമിയിൽ തന്ന അവസരങ്ങൾ നാം നഷ്ടപ്പെടുത്തിയതായി നിത്യതയിൽ നാം കണ്ടെത്തും. നാം പഠിക്കേണ്ടിയിരുന്നതൊന്നും ഒരിക്കലും പഠിച്ചിട്ടില്ല എന്നും നാം കണ്ടെത്തും.

(മൊഴിമാറ്റം: സാജു ജോസഫ്)